കേരളീയം

# വിശാലമായ കൂട്ടായ്മയിലേയ്ക്ക്

കേരളീയം പ്രസിദ്ധീകരണം ആരംഭിച്ച് മൂന്നരവർഷം കഴിഞ്ഞു. മൂന്നരവർഷം മുടങ്ങാതെ ഒരു സാംസ്കാരിക പത്രം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞുവെന്നതു കേരളത്തിന്റെയും കേരളീയത്തിന്റെയുംപരിമിതികൾ അറിയുന്നവരെ സംബന്ധിച്ചിടത്തോളം ഒരത്ഭുതം തന്നെയായിരിക്കും.

ദിവസവും പത്രം വായിച്ചില്ലെങ്കിൽ എന്തോ കുറവ് അനുഭവപ്പെടുന്നവരാണ് ശരാശരി മലയാളി എന്ന് കേരളീയത്തിന്റെ ആമുഖ ലക്കത്തിൽ ഞങ്ങൾ എഴുതിയിരുന്നു. മലയാളിയുടെ ഈ ശീലത്തിന്റെ വളക്കൂറിലാണ് വിൽക്കാനുള്ളതും വിൽക്കരുതാത്തതും വിറ്റ് കേരളത്തിലെ മിക്ക പത്രങ്ങളും തഴച്ചുവളർന്നതും പ്രമുഖമെന്ന കീർത്തി നേടിയതും.

എന്നും പത്രം വായിക്കുന്ന മലയാളിക്ക് എന്തോ ഒരു കുറവും അനുഭവപ്പെടുന്നുണ്ട്. എന്നും ലോക കാര്യങ്ങൾ അറിയാൻ ഉത്ക്കണ്ഠപ്പെടുന്ന മലയാളിക്കു നഷ്ടപ്പെട്ടുപോകുന്ന ആ വലിയ ലോകം, ചെറിയ ലോകം ഏതാണ്? അതു കണ്ടെത്താനുള്ള ശ്രമങ്ങളായിരുന്നു കേരളീയത്തിന്റെ മൂന്നരവർഷത്തെ പ്രവർത്തനം.

മാധ്യമവിദഗ്ദ്ധരല്ലാത്ത, കമ്മ്യൂണിക്കേഷൻസ് രംഗത്തു ഗവേഷണമോ സർവ്വേയോ നടത്താത്ത ഒരു പത്രത്തിനു മൂന്നരകൊല്ലമായി പ്രാണനും ജീവിതവും സ്വാതന്ത്ര്യവും നൽകിയത് ആരായിരുന്നു? വെട്ടിയൊതുക്കാതിരുന്നാൽ, ചവിട്ടി താഴ്ത്താതിരുന്നാൽ പത്രം അതിനും ജീവനുണ്ടെന്നു വ്യക്തമാക്കും. അതു വളരുകയും ചിന്തിക്കുകയും പ്രവർത്തിക്കുകയും അതുവരെ നിശ്ശബ്ദമായിരുന്ന വലിയൊരു ലോകത്തെക്കുറിച്ച് ഉൾക്കാഴ്ച നൽകുകയും ചെയ്യും എന്നാണ് ഇത്രയും കാലത്തെ പ്രവർത്തനങ്ങളിലൂടെ തിരിച്ചറിയാനാവുന്നത്.

കേരളത്തിലെ ബദൽ ജനകീയ പ്രതിരോധസാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുന്ന സംഘടനകളുടേയും വ്യക്തികളുടേയും പൊതുവേദിയായി കേരളീയം വളരേണ്ടതുണ്ട്. അതിനായി ഇപ്പോഴുള്ള വ്യക്തി ഉടമസ്ഥത വിപുലമായ ട്രസ്റ്റിലേക്ക് കൈമാറുകയാണ്. ഇതോടൊപ്പം പത്രത്തിന്റെ കെട്ടിലും മട്ടിലും മാറ്റം വരുത്തി ഗുണമേന്മ വർദ്ധിപ്പിക്കുകയും കൂടുതൽ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ദ്വൈവാരികയാക്കുകയും ചെയ്യുന്നു. പത്രത്തോടൊപ്പം തന്നെ ഇപ്പോഴുള്ള കേരളീയം പുസ്തകശാല വികസിപ്പിക്കുകയും അടുത്ത ഘട്ടങ്ങളിലായി സാഹിത്യമാസിക, പുസ്തക പ്രസാധനം, ഇക്കോഷോപ്പ്, ഹെൽത്ത് ഹോട്ടൽ, ഡോക്യുമെന്റേഷൻ ആന്റ് മീഡിയ സർവ്വീസ് എന്നിവയും സ്വപ്നങ്ങളായുണ്ട്.

മാറ്റങ്ങൾക്കനുസൃതമായി കേരളീയം ഒരു ട്രസ്റ്റായി രജിസ്റ്റർ ചെയ്യുന്നു. കേരളീയവുമായി സഹകരിച്ചവർ നിരവധിയാണ്. പുതിയ പ്രവർത്തനത്തിന് ഇനിയും നിരവധി വ്യക്തികളുടെ ജീവിതവും ചിന്തയും ഉത്ക്കണ്ഠകളും ആവശ്യമാകുന്നു. അവരിൽ താങ്കളും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

എല്ലാം ഒറ്റയ്ക്ക് ജനിക്കുകയും ഒറ്റയ്ക്ക് മരിക്കുകയും ചെയ്യുന്നുവെന്നു പറയപ്പെടുന്നു. അതു ജനനത്തെപ്പറ്റിയും മരണത്തെപ്പറ്റിയും ഇടവേളയിലെ ഏകാകിതയെപ്പറ്റിയുമാണ്. കേരളീയം നിലകൊള്ളുന്നതും ജനനമരണങ്ങൾക്കിടയിലെ ദീർഘമോ ഹ്രസ്വമോ ആയ കാലയളവിനെ ജീവിതം എന്നു വിളിക്കാനും അതു കണ്ടെത്താനും സ്ഥാപിക്കാനുമാണ്.

മനുഷ്യർ എന്ന നിലയിൽ നമ്മുടെ യാത്ര ഒരിക്കലും ഒറ്റയ്ക്കായിരുന്നില്ല. ഒറ്റയ്ക്കായിക്കൂടാ, ഇക്കാലത്തു പ്രത്യേകിച്ചും. നമുക്ക് ഒരുമിച്ചു യാത്ര തുടരാം.

**കേരളീയം സുഹൃത്തുക്കൾക്കും പ്രവർത്തകർക്കും വേണ്ടി,**

സ്നേഹാദരവോടെ,

**റോബിൻ**

മാനേജിങ് എഡിറ്റർ